പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 241 29-10-2026-ൽ മറുപടിയ്ക്ക്

കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രൊജക്ട്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. ബി. ബി. ഗോപകുമാർ	ശ്രീ. പി. കെ. ബഷീർ
ശ്രീ. രാജീവ് ചന്ദ്രശേഖർ	(പൊതുമരാമത്ത് വകുപ്പ് മന്ത്രി)
ശ്രീ. വി. മുരളീധരൻ	

(എ) ലോക ബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കിയ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രൊജക്ടിന്റെ(കെ.എസ്.ടി.പി.) ഭാഗമായ എം.സി. റോഡ് വികസനവുമായി ബന്ധപ്പെട്ട കരാർ കമ്പനിയുടെ പ്രോജക്ട് മാനേജരുടെ ആത്മഹത്യയും അതിന് ആസ്പദമായ കൈക്കൂലി-ഉദ്യോഗസ്ഥ പീഡന ആരോപണങ്ങളും സംബന്ധിച്ച് പുതിയ പ്രാഥമിക അന്വേഷണം നടത്തിയ വിജിലൻസ് റിപ്പോർട്ടുകൾ ലഭ്യമാണോ; വിശദമാക്കാമോ;

മറുപടി: സംസ്ഥാന ഹൈവേകളുടെയും പ്രധാന ജില്ലാ റോഡുകളുടേയും വികസനം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ 1996-ൽ ഒരു പഠനം നടത്തിയതിനെത്തുടർന്ന് അതീവ പ്രാധാന്യത്തോടെ വികസിപ്പിക്കേണ്ട റോഡുകൾ കണ്ടെത്തി. കണ്ടെത്തിയ റോഡുകളുടെ 1719.46 കിലോമീറ്റർ ദൂരം, ലോക ബാങ്ക് ധനസഹായത്തോടെ വികസിപ്പിക്കാൻ 2100 കോടി രൂപയുടെ ഭരണാനുമതി 1997-ൽ സർക്കാർ നൽകി.

ആദ്യ ഘട്ട റോഡ് വികസനം KSTP-I, KSTP-III, KSTP-IV എന്നിങ്ങനെ 3 പാക്കേജുകളിലായി നടത്താൻ തീരുമാനിച്ചു. എം.സി റോഡ് അടക്കം KSTP-I പദ്ധതിയിൽ ഉൾപ്പെട്ട 127.19 കിലോ മീറ്റർ ദൈർഘ്യമുള്ള റോഡ് നിർമ്മാണ പ്രവൃത്തിയുടെ കരാർ ലഭിച്ചത് PATI-BEL എന്ന കമ്പനിക്കാണ്. 215.49 കോടി രൂപയായിരുന്ന കരാർ തുക (Agreed PAC). 36 മാസമായിരുന്ന പൂർത്തീകരണ കാലാവധി. 07.11.2002-ൽ പൊതുമരാമത്തുവകുപ്പ് സെക്രട്ടറിയുമായി കമ്പനി കരാറിൽ ഒപ്പുവച്ചു. 2006 ഡിസംബറിൽ കരാർ കമ്പനി തന്നെ കരാർ റദ്ദ് ചെയ്തു.

കരാർ കമ്പനിയായ PATI-BEL-ന്റെ പ്രോജക്ട് മാനേജർ ആത്മഹത്യ ചെയ്ത സംഭവുമായി ബന്ധപ്പെട്ട് പുതിയ പ്രാഥമിക അന്വേഷണ റിപ്പോർട്ട് വിജിലൻസ് & ആൻറി കറപ്ഷൻ ബ്യൂറോയിൽ നിന്നും പൊതുമരാമത്തുവകുപ്പിൽ ലഭിച്ചിട്ടില്ല.

(ബി) 2006 കാലയളവിൽ ഉയർന്ന പ്രസ്തുത ഗുരുതര അഴിമതി ആരോപണത്തിന്മേൽ അന്നത്തെ വിജിലൻസ് അന്വേഷണം പൂർത്തിയാക്കാതെയാണ് ഫയലുകൾ ഒതുക്കി തീർത്തത് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മുൻകാല അന്വേഷണ ഫയലുകളിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

<u>മറുപടി:</u> കെ.എസ്.ടി.പി. മുഖാന്തരം നടപ്പിലാക്കിയ സംസ്ഥാന ഹൈവേകളുടെയും പ്രധാന ജില്ലാ റോഡുകളുടേയും വികസനവുമായി ബന്ധപ്പെട്ട് ഉയർന്ന ആരോപണങ്ങളിൻമേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ VE 01/2007/SIU I നമ്പർ പ്രകാരം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം ആരംഭിക്കുകയും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

ചുവടെപ്പറയുന്ന ആരോപണങ്ങളിൻമേലാണ് വിജിലൻസ് അന്വേഷണം നടത്തിയത്. അന്വേഷണ കാലത്തെ പി.ഡബ്ല്യൂ.ഡി. സെക്രട്ടറി ശ്രീ. ഗ്യാനേഷ് കുമാർ ആയിരുന്നു.

1. KSTP റോഡ് വർക്കുകൾക്കായി തിരഞ്ഞെടുത്തിരുന്ന കമ്പനികൾക്ക് എസ്റ്റിമേറ്റ് തുകയേക്കാൾ കൂടുതലായി ടെൻഡർ തുകയിൽ കരാറുകൾ അനുവദിച്ചതിലൂടെ സർക്കാരിന് 700 കോടി രൂപയുടെ നഷ്ടമുണ്ടായി എന്നത്.

എ) റോഡുകളുടെ മെച്ചപ്പെടുത്തലിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് 787 കോടി രൂപയായിരുന്നുവെങ്കിലും, 1209 കോടി രൂപയ്ക്കാണ് ടെൻഡറുകൾ അനുവദിച്ചത്.

ബി) റോഡ് നിർമ്മാണത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് 244 കോടി രൂപയായിരുന്നുവെങ്കിലും, 343 കോടി രൂപയ്ക്കാണ് ടെൻഡറുകൾ അനുവദിച്ചത്.

2. ഭൂമി ഏറ്റെടുക്കലിനും പുനരധിവാസത്തിനുമായി തയ്യാറാക്കിയ എസ്റ്റിമേറ്റ് 187 കോടി രൂപയായിരുന്നുവെങ്കിലും, ഈ ആവശ്യത്തിനായി 323 കോടി രൂപ ചെലവഴിച്ചു. റോഡ് വികസനത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികളിൽ അഴിമതി നടന്നുവെന്ന ആരോപണം.

3. 2004-ലെ കംട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ (CAG) റിപ്പോർട്ട് പ്രകാരം, വർധിപ്പിച്ച ടെൻഡർ തുകയിൽ കരാറുകൾ അനുവദിച്ചതിലൂടെ സർക്കാരിന് 84 കോടി രൂപയുടെ നഷ്ടമുണ്ടായി.

4. NATPAC, CESS തുടങ്ങിയ സംസ്ഥാനതല കൺസൾട്ടിംഗ് ഏജൻസികൾക്ക് പകരമായി KSTP ഒരു വിദേശ കൺസൾട്ടൻസി സ്ഥാപനത്തിന്റെ സേവനം ഏർപ്പെടുത്തി. ഈ കൺസൾട്ടൻസിക്ക് 50 കോടി രൂപ പ്രതിഫലമായി നൽകി.

5. കരാറുകളിൽ ഒപ്പുവെക്കുന്നതിന് മുമ്പുതന്നെ സ്ഥാപനങ്ങൾക്ക് മൊബിലൈസേഷൻ തുക (Mobilization Amount) അനുവദിച്ചു നൽകി.

6. റോഡ് വികസന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന സ്ഥാപനങ്ങളുടെ ബില്ലുകൾ പാസാക്കുന്നതിനായി PWD ഉദ്യോഗസ്ഥർ 2 കോടി രൂപ ആവശ്യപ്പെട്ടുവെന്ന ആരോപണം.

7. സ്ഥാപനങ്ങൾ സമർപ്പിച്ച ബില്ലുകൾ ശരിയായി പരിശോധിക്കാതെ PWD അവ പാസാക്കി തുകകൾ അനുവദിച്ചു നൽകി എന്നത്.

8. പ്രവൃത്തികൾ മോണിറ്ററിംഗ് കമ്മിറ്റി ശരിയായ രീതിയിൽ നിരീക്ഷിക്കുന്നതിൽ പരാജയപ്പെട്ടു എന്നത്.

റോഡ് വികസന പ്രവൃത്തികൾക്ക് കരാർ ലഭിച്ചിരുന്ന കമ്പനികൾക്കുള്ള ബില്ലുകൾ അംഗീകരിക്കുന്നതിനായി PWD ഉദ്യോഗസ്ഥർ 2 കോടി രൂപ ആവശ്യപ്പെട്ടുവെന്ന ആരോപണം അടക്കം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തിയിരുന്നു. അന്വേഷണം പൂർത്തിയാക്കാതെയാണ് ഫയലുകൾ തീർപ്പാക്കി എന്ന ആരോപണത്തിൻമേൽ, റിപ്പോർട്ട് കൂടുതൽ പരിശോധിച്ചശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) വൻകിട അടിസ്ഥാനത്തിലുള്ള സ്വകാര്യ വികസന പദ്ധതികളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനും വിദേശ/ആഭ്യന്തര കരാർ കമ്പനികളുടെയും ഉദ്യോഗസ്ഥരുടെയും സാമ്പത്തിക ചൂഷണത്തിന് വിധേയമാകുന്നത് തടയുന്നതിനും പ്രസ്തുത കേസിൽ അന്വേഷണം പൂർത്തിയാക്കി കുറ്റക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>മറുപടി:</u> PATI-BEL എന്ന കൺസോർഷ്യത്തിന്റെ പ്രോജക്ട് മാനേജർ 2006-ൽ ആത്മഹത്യ ചെയ്തതിന് കാരണമായി പറയപ്പെടുന്ന/ആരോപിക്കപ്പെടുന്ന സാഹചര്യങ്ങൾ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, VE 01/2007/SIU I നമ്പർ പ്രകാരം നടത്തിയ അന്വേഷണത്തിൽ ഒരു വിഷയമായി ഉൾപ്പെടുത്തിയിരുന്നില്ല.

KSTP-I, KSTP-III, KSTP-IV എന്നിങ്ങനെ മൂന്ന് പാക്കേജുകൾക്ക് നൽകിയ കരാറുകൾ, Inland Water Way project-ന്റെ ഭാഗമായി 93 കിലോമീറ്റർ ദൂരത്തിൽ കനാലുകളുടെ വികസനത്തിനായി നൽകിയ കരാർ, 43 പ്രധാന റോഡുകളുടെ മെയിന്റനൻസിനായി നൽകിയ കരാറുകൾ, ഇവയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ, കരാറുകളുടെ സാധുത മുതലായ വിഷയങ്ങളായിരുന്നു അന്വേഷണ പരിധിയിൽ ഉണ്ടായിരുന്നത്.

ആ നിലയ്ക്ക് PATI-BEL കമ്പനിയുടെ പ്രോജക്ട് മാനേജർ ആത്മഹത്യ ചെയ്ത സംഭവത്തിൽ സാമ്പത്തിക ചൂഷണം ഉണ്ടായിരുന്നുവോ എന്ന കാര്യത്തിൽ ആവശ്യമാണെന്ന് കാണുന്ന പക്ഷം സർക്കാർ വിശദമായ അന്വേഷണം നടത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ